പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 82 — 28.05.2019 ൽ മറുപടിക്ക്

**കേരളത്തിന് സ്വന്തമായി എയർലൈൻസ് തുടങ്ങാൻ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നുള്ള വിദേശ/ആഭ്യന്തര വിമാനസർവ്വീസുകളുടെ എണ്ണം കുറയുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരത്ത് നിന്നും സർവ്വീസ് നടത്തിയിരുന്ന "സൗദിയ, ഫ്ലൈ ദുബായ്" എന്നീ വിമാന കമ്പനികളുടെ സർവ്വീസുകൾ കോഴിക്കോടിലേക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ ജെറ്റ് എയർവേയ്സ് രാജ്യത്താകമാനമുള്ള സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിലേക്കായി 26.05.2019 മുതൽ "സ്പൈസ് ജെറ്റ്" തിരുവനന്തപുരത്ത് നിന്നും മുംബൈയിലേയ്ക്ക് പ്രതിദിന സർവ്വീസ് ആരംഭിക്കാൻ തീരുമാനിച്ചിരുന്നു. കൊച്ചി, കണ്ണൂർ എന്നിവിടങ്ങളിലേക്കുള്ള സർവ്വീസുകൾ "ഇൻഡിഗോ" വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ "ഗോ എയർ" സ്വീകരിച്ചു വരുന്നു. 2019 മെയ് 7-ാം തീയതി മുതൽ "സ്കൂട്ട് എയർലൈൻസ്" സിംഗപ്പൂരിലേയ്ക്ക് പ്രതിദിന അന്താരാഷ്ട്ര സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ഒഴിവുള്ള സ്ലോട്ടുകളിൽ സർവ്വീസ് നടത്തുന്നതിനാവശ്യമായ നടപടികൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വിമാനസർവ്വീസിന്റെ എണ്ണം കുറഞ്ഞതിനാൽ ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് ക്രമാതീതമായി വർദ്ധിച്ചത് കുറയ്ക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST 28 % നിന്നും 5% മായി കുറച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ യാത്രാ ക്ലേശം പരിഹരിക്കുന്നതിലേക്കായി അധിക ആഭ്യന്തര / അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (സി) | ഇത് പരിഹരിക്കുന്നതിനായി കേരളത്തിന് സ്വന്തമായി ഒരു എയർലൈൻസ് തുടങ്ങാനുള്ള പദ്ധതി ആലോചനയിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ